LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഭക്ഷ്യ സുരക്ഷാ ഉപദേശക സമിതി യോഗം

176 (5261) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര ഭക്ഷ്യസുരക്ഷാ ഉപദേശക സമിതി യോഗത്തിൽ സംസ്ഥാനം എന്തൊക്കെ നടപടികളാണ് ആവശ്യപ്പെടുന്നത്/ ആവശ്യപ്പെട്ടത് ; വിശദമാക്കുമോ ?

ഉത്തരം

കേന്ദ്ര ഭക്ഷ്യസുരക്ഷാ ഉപദേശക സമിതി യോഗം ചേർന്നതായി അറിയിപ്പ് ലഭിച്ചിട്ടില്ല.

സിവിൽസപ്ലൈസ് ഔട്ട് ലെറ്റുകളിലെ സാധനങ്ങളുടെ ഗുണനിലവാരം

177 (5262) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽസപ്ലൈസ് ഔട്ട്ലെറ്റുകൾവഴി വിൽപ്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങളുടെ ഗുണനിലവാരം കുറയുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവാരം കുറഞ്ഞ ഉത്പന്നങ്ങൾ വിൽക്കുന്നത് ഈ ഔട്ട്ലെറ്റുകളുടെ വിശ്വാസ്യതയേയും ഇവയുടെ വിറ്റുവരവിനേയും പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ഔട്ട്ലെറ്റുകൾവഴി വിറ്റഴിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) സിവിൽസപ്ലൈസ് കോർപ്പറേഷന്റെ വിൽപ്പനശാലകൾവഴി വിൽപ്പന നടത്തുന്ന നിത്യോപയോഗ സാധനങ്ങൾ കർശനമായ ഗുണനിലവാര പരിശോധനയ്ക്കുശേഷം വിൽപ്പനയ്ക്കായി നൽകുന്നതിനാൽ സപ്ലൈകോയുടെ വിറ്റുവരവിനെ ഒട്ടും പ്രതികൂലമായി ബാധിച്ചിട്ടില്ല.